പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1695 | 10.03.2020 ൽ മറുപടിക്ക്

**തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നതിനുള്ള തീരുമാനം**

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നതിനുള്ള അന്തിമ തീരുമാനം വൈകുന്ന സാഹചര്യത്തിൽ വിമാനത്താവള വികസനം പ്രതിസന്ധിയിലായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) യും (ബി) യും | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മൂന്നാമത്തെ ടെർമിനൽ നിർമ്മാണത്തിനായി 18.53 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. ഇതിലേയ്ക്കായുള്ള ഭരണാനുമതി നൽകുകയും പൊന്നുംവില നടപടിയുടെ 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മൂന്നാമത്തെ ടെർമിനൽ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; എത്ര ഏക്കർ സ്ഥലം ഇനിയും ഏറ്റെടുക്കേണ്ടതുണ്ട്; വിശദമാക്കാമോ; | | |
| (സി) | ഈ വിമാനത്താവളത്തിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന പല അന്താരാഷ്ട്ര വിമാന സർവ്വീസുകളും നിർത്തലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) യും (ഡി) യും | വിമാന കമ്പനികളുടെ സി.ഇ.ഒ മാരുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും അധിക ആഭ്യന്തര - അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർലൈനുകൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം - ഡൽഹി - തിരുവനന്തപുരം, മുംബൈ - തിരുവനന്തപുരം - മുംബൈ, ചെന്നൈ - തിരുവനന്തപുരം - ചെന്നൈ, തിരുവനന്തപുരം - മാലി - തിരുവനന്തപുരം, ഡൽഹി - തിരുവനന്തപുരം - ഡൽഹി തുടങ്ങിയ സ്ഥലങ്ങളിലേക്ക് വിവിധ എയർലൈനുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് നിന്നുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST യിൽ കുറവ് വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | പല വിമാനകമ്പനികളും തിരുവനന്തപുരത്ത് നിന്നും നടത്തുന്നതിന്റെ പകുതി നിരക്കിൽ കൊച്ചിയിൽ നിന്നും ആഭ്യന്തര സർവ്വീസുകൾ നടത്തുന്നതിനാൽ വിമാനത്താവള വികസനം വഴിമുട്ടി നിൽക്കുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ